**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ആവശ്യത്തിന് ജീവനക്കാരില്ലാത്തതും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നത് വസ്തുതയാണോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിലവിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമതയോടുകൂടി പ്രവർത്തിച്ചു വരുന്നു. വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | ഭക്ഷ്യവിഷബാധ കൂടിവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി 8 സർക്കാർ വാഹനങ്ങളാണ് നിലവിലുള്ളത്. 27 വാഹനങ്ങൾ കരാറടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത് എഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. |
| (സി) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആവശ്യമുള്ള ജീവനക്കാരെ യുദ്ധകാലാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനമാണ് വകുപ്പ് നടത്തി വരുന്നത്. വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശകളടങ്ങിയ വിശദമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ